**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഞാറക്കൽ ഗ്രാമ പഞ്ചായത്ത്, എറണാകുളം - അമൃത കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഞാറക്കൽ - വസ്തു നികുതി ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.1080/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 29.05.2019

---

പരാമർശം: അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് മെഡിക്കൽ ഡയറക്ടറുടെ 21.03.2019-ലെ നിവേദനം.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ഞാറക്കൽ ഗ്രാമപഞ്ചായത്തിൽ 12-ാം വാർഡിൽ സ്ഥിതിചെയ്യുന്ന അമൃത കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഞാറക്കൽ പാവങ്ങൾക്ക് സൗജന്യ ചികിത്സയും അനുബന്ധ സേവനങ്ങളും പ്രദാനം ചെയ്യുന്നുണ്ടെന്നും പഞ്ചായത്തിലും സമീപത്തുള്ള 8 പഞ്ചായത്തുകളിലും ഉള്ള രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്നുണ്ടെന്നും അതിനാൽ വസ്തു നികുതി ഇളവ് അനുവദിക്കണമെന്നും സൂചന പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സ്ഥാപനം രോഗികൾക്ക് സൗജന്യ ചികിത്സ നൽകുന്നെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ ഞാറക്കൽ ഗ്രാമപഞ്ചായത്തിൽ 12-ാം വാർഡിൽ സ്ഥിതിചെയ്യുന്ന അമൃത കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ 330, 331 നമ്പർ കെട്ടിടങ്ങളെ പഞ്ചായത്ത് രാജ് ആക്ട് 207(2) പ്രകാരം, ലാഭേച്ഛയില്ലാതെ തുടർന്നും പ്രവർത്തിക്കണമെന്ന വ്യവസ്ഥയിൽ കുടിശ്ശിക ഉൾപ്പെടെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി.
ഡെപ്യൂട്ടി സെക്രട്ടറി

മെഡിക്കൽ ഡയറക്ടർ, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്
സെക്രട്ടറി, ഞാറക്കൽ ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ/എൽ.ബി.എ), കേരള
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ